തുമ്പമൺ വില്ലേജ് രൂപീകരിക്കുന്നതിന് നടപടി

88 (270) ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്തനംതിട്ട നിയോജകമണ്ഡലത്തിലെ പത്തനംതിട്ട ജില്ലയിൽപ്പെട്ട തുമ്പമൺ പഞ്ചായത്തിൽ ഒരു വില്ലേജ് ഓഫീസ് ഇല്ലാത്ത കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ തുമ്പമൺ പഞ്ചായത്ത് ഡീ-ലിമിറ്റ് ചെയ്ത് തുമ്പമൺ വില്ലേജ് രൂപീകരിക്കുന്ന കാര്യം പരിഗണിക്കുമോ;

(സി) തുമ്പമൺ വില്ലേജ് രൂപീകരിക്കുന്നതിനുള്ള തടസ്സങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതുതായി എത്ര വില്ലേജുകൾ രൂപീകരിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-ഡി) സംസ്ഥാനത്തെ താലൂക്കുകളുടെയും വില്ലേജുകളുടെയും പുനഃസംഘടനയെ കുറിച്ച് പഠിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കാൻ ശ്രീ. കെ. ജെ. അൽഫോൺസിനെ (ലാന്റ് റവന്യൂ കമ്മീഷണർ) ഏകാംഗ കമ്മീഷനായി ഇപ്പോൾ നിയമിച്ചിട്ടുണ്ട്. കമ്മീഷന്റെ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് മാത്രമേ പുതിയ വില്ലേജുകൾ രൂപീകരിക്കുന്ന കാര്യം പരിശോധിക്കാനാവൂ.

വില്ലേജ് ഓഫീസുകൾ വഴി നടത്തി വരുന്ന അദാലത്തുകൾ

89 (271) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വില്ലേജ് ഓഫീസുകൾ വഴി നടത്തിവരുന്ന അദാലത്തുകൾ ഇതിനകം എത്ര വില്ലേജാഫീസുകളിൽ നടന്നിട്ടുണ്ടെന്നും അവ ഏതെല്ലാം വില്ലേജാഫീസുകളാണെന്നും വെളിപ്പെടുത്തുമോ ;

(ബി) ഏതെല്ലാം തരം കേസ്സുകൾക്കാണ് ഇതിനകം തീർപ്പ് കല്പിച്ചിട്ടുള്ളത് ?

ഉത്തരം

(എ) സംസ്ഥാനത്തെ എല്ലാ വില്ലേജ് ഓഫീസുകളിലും റവന്യൂ അദാലത്തു നടന്നിട്ടുണ്ട്.

(ബി) താഴെ പറയുന്ന വിഷയങ്ങളിലുള്ള കേസ്സുകളാണ് റവന്യൂ അദാലത്തുകളിൽ തീർപ്പാക്കിയത് :

1. പോക്കുവരവ്
2. പട്ടയം
3. കൈവശഭൂമിയും റവന്യൂ രേഖയും തമ്മിലുള്ള വ്യത്യാസം പരിഹരിക്കൽ

LIBRARY ARCHIVES Kerala Legislative Assembly